# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1773 | 10.03.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്

**<u>പോലീസ് ഉദ്യോഗസ്ഥനെ വെടിവെച്ചുകൊന്ന സംഭവത്തിൽസംസ്ഥാനത്തെ അന്വേഷണം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ.ഒ.രാജഗോപാൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കളിയിയ്ക്കാവിളയിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനെ വെടിവെച്ചുകൊന്ന സംഭവവുമായി ബന്ധപ്പെട്ട് പ്രതികൾ എന്ന് സംശയിക്കുന്നവർ സംസ്ഥാനത്ത് ഒളിച്ചുതാമസിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br><br>(ബി) എവിടെയൊക്കെയാണ് അവർ ഒളിവിൽ താമസിച്ചത്, ആരാണ് അവർക്ക് ഒളിവിൽ താമസിക്കുവാൻ സൗകര്യം നൽകിയത് എന്നിവ സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) യും (ബി) യും കളിയിയ്ക്കാവിള കൊലപാതകവുമായി ബന്ധപ്പെട്ട് പ്രതികൾക്ക് സഹായം നൽകിയവരെന്ന് സംശയിക്കുന്നവരെക്കുറിച്ച് സംസ്ഥാന പോലീസ് വിവരശേഖരണം നടത്തിയിട്ടുള്ളതും സംശയമുള്ളവരെ നിരീക്ഷിച്ചു വന്നിട്ടുള്ളതുമാണ്. ഈ കേസ്സിന്റെ അന്വേഷണം ആദ്യഘട്ടത്തിൽ തമിഴ്നാട് പോലീസ് നടത്തിയിട്ടുള്ളതും, നിലവിൽ എൻ.ഐ.എ അന്വേഷണം ഏറ്റെടുത്തിട്ടുള്ളതുമാണ്. ഈ കേസ്സുമായി ബന്ധപ്പെട്ട് തമിഴ്നാട് പോലീസ്, എൻ.ഐ.എ എന്നിവർക്ക് വേണ്ട സഹായങ്ങൾ സംസ്ഥാന പോലീസ് നൽകി വരുന്നു. |
| (സി) കേരളം തീവ്രവാദികളുടെ ഒളിസങ്കേതം ആകുന്നു എന്ന ആക്ഷേപം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ | (സി) ആക്ഷേപം വസ്തുതാപരമല്ല. തീവ്രവാദം പോലുള്ള രാജ്യവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ പോലീസ് നിരീക്ഷണം നടത്തി വരുകയും, ആവശ്യമായ സന്ദർഭങ്ങളിലെല്ലാം ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ